# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.870 — 30.11.2018-ൽ മറുപടിയ്ക്ക്

## ക്ഷേത്രപ്രവേശന വിളംബരവാർഷികാഘോഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ടി. ബൽറാം<br>ശ്രീ. പി. ടി. തോമസ് : | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ മന്ത്രി** |
| (എ) ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷവുമായി ബന്ധപ്പെട്ട് 2016, 2017 വർഷങ്ങളിൽ സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനുവേണ്ടി ചെലവഴിച്ച തുക വർഷം തിരിച്ച് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) 2016 - 2017 വർഷങ്ങളിൽ സാംസ്കാരിക വകുപ്പ് ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പ് എല്ലാ വർഷവും ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ് പദ്ധതി നടത്തി വരുന്നുണ്ട്. |
| (ബി) 2018-ൽ ക്ഷേത്രപ്രവേശന വിളംബര വാർഷികവുമായി ബന്ധപ്പെട്ട് സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമൂഹ്യ നവോത്ഥാനത്തിലധിഷ്ഠിതമായ നിരവധി പരിപാടികൾ നടത്തിവരുന്നു. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികം, വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷിക പരിപാടിയായി വിവേകാനന്ദ സ്പർശം, മഹാത്മാഗാന്ധിയുടെ 70-ാം ചരമവാർഷികത്തിന്റെ ഭാഗമായി രക്തസാക്ഷ്യം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, പുരാരേഖാ വകുപ്പ്, പുരാവസ്തു വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ നവംബർ 9 മുതൽ 13 വരെ തലസ്ഥാനത്തും 13 ജില്ലകളിലും ന്യൂഡൽഹിയിലും നവോത്ഥാന ചരിത്ര പ്രദർശനം, സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |

അതോടൊപ്പം പുസ്തക പ്രസിദ്ധീകരണം, ഡോക്യുമെന്ററി പ്രകാശനവും പ്രദർശനവും തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി 23.11.2018 ലെ കണക്ക് പ്രകാരം വിവര പൊതുജന സമ്പർക്ക വകുപ്പ് ഇതുവരെ 31,25,000/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാംസ്കാരിക സ്ഥാപനങ്ങൾ 6,52,331 /- രൂപ (ആറുലക്ഷത്തി അൻപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ